# 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1817** | **02-02-2024 - ൽ മറുപടിയ്ക്ക്**

## എൻഡോസൾഫാൻ പുനരധിവാസ ഗ്രാമം പദ്ധതിയുടെ പുരോഗതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ പുനരധിവാസ ഗ്രാമത്തിന്റെ മാസ്റ്റർ പ്ലാൻ പദ്ധതി പ്രകാരം എന്തൊക്കെ സംവിധാനങ്ങളാണ് സജ്ജമാക്കുന്നത്; ഇതിന് എത്ര കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) | സാമൂഹ്യനീതി വകുപ്പിന്റെ കീഴിലെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ വിശദമായ പ്രൊപ്പോസൽ പ്രകാരം തയ്യാറാക്കിയ എൻഡോസൾഫാൻ പുനരധിവാസ മാസ്റ്റർപ്ലാൻ പ്രകാരം എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ഹൈഡ്രോതെറാപ്പി, സൈക്കോതെറാപ്പി, അഡ്വാൻസ് ലെവൽ തെറാപ്പികളടക്കം പല തെറാപ്പികൾ, പ്രത്യേക പഠനസൗകര്യം, സ്വയം തൊഴിലടക്കമുള്ള പരിശീലന സംവിധാനങ്ങൾ, സമഗ്ര പുനരധിവാസ പ്രവർത്തനങ്ങൾ എന്നിങ്ങനെ വിപുലമായ സൗകര്യങ്ങൾ ആണ് പ്രസ്തുത പുനരധിവാസ ഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.<br><br>പ്രസ്തുത പദ്ധതിക്കായി 68.75 കോടി രൂപ ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.<br><br>ആയതിൽ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 4,89,52,829/- രൂപയ്ക്ക് (ഒരു വർഷത്തേക്കുള്ള ആവർത്തന ചെലവ് ഉൾപ്പെടെ ) നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ക്ലിനിക്കൽ സൈക്കോളജി ബ്ലോക്കും കൺസൾട്ടിങ് & ഹൈഡ്രോ തെറാപ്പി ബ്ലോക്കുമാണ് ആദ്യ ഘട്ടത്തിൽ നിർമ്മിക്കുന്നത്. ആദ്യ ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 90 ശതമാനത്തിലധികം പൂർത്തിയായിട്ടുണ്ട്. |
| (ബി) | നിലവിൽ എന്തൊക്കെ പ്രവൃത്തികൾക്കാണ് തുക അനുവദിച്ചിട്ടുള്ളതെന്നും അവയുടെ നിർമ്മാണ പുരോഗതി ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ? | (ബി) | എൻഡോസൾഫാൻ ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി കാസറഗോഡ് ജില്ലയിലെ മൂളിയാർ വില്ലേജിൽ എൻഡോസൾഫാൻ പുനരധിവാസ വില്ലേജ് സ്ഥാപിക്കുന്നതിനായി ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 4,89,52,829/- രൂപയ്ക്ക് (ഒരു വർഷത്തേക്കുള്ള ആവർത്തന ചെലവ് ഉൾപ്പെടെ) താഴെ പറഞ്ഞിരിക്കുന്ന വിവിധ components പ്രകാരമുള്ള |

നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

| Sl. No. | Category | Amount |
|---|---|---|
| 1 | Infrastructure (By Uralungal Labour Contract Co-Operative Society) | Rs. 4,45,00,000/- |
| 2 | Equipment & Furniture | Rs. 44,52,829/- |
| **Total** | | **Rs. 4,89,52,829/-** |

തുടർന്ന് പ്രസ്തുത നിർമ്മാണത്തിനായുള്ള ഏജൻസിയായ ഉൗരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി കാസറഗോഡ് ജില്ലാ സാമൂഹ്യനീതി ഓഫീസർ 04.04.2022-ന കരാറിൽ ഒപ്പുവക്കുകയും, 25.05.2022-ന് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യഘട്ടത്തിൽ ക്ലിനിക്കൽ സൈക്കോളജി ബ്ലോക്കും, കൺസൾട്ടിങ് & ഹൈഡ്രോതെറാപ്പി ബ്ലോക്കുമാണ് നിർമ്മിക്കുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾ തൊണ്ണൂറു ശതമാനത്തിലധികം പൂർത്തിയായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ